# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ അവാർഡ് ദാന ചടങ്ങിൽ പങ്കെടുക്കുന്നതിന് നടത്തിയ ഡൽഹി യാത്ര - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

## തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 274/2017/തസ്വഭവ                    തിരുവനന്തപുരം, തീയതി, 01.02.2017.

==========================================================

പരാമർശം:- 1. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 31.07.2014-ലെ പി.1-2172/11-12 നമ്പർ കത്ത്.

2. പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 21.10.2014, 10.12.2014 എന്നീ തീയതികളിലെ ഇ 1-1952/14 നമ്പർ കത്തുകൾ.

## ഉത്തരവ്

പാലക്കാട് ജില്ലാപഞ്ചായത്തിനെ തിരുപ്പതി ആസ്ഥാനമായി പ്രവർത്തിക്കുന്ന അക്കാദമി ഓഫ് ഗ്രാസ് റൂട്ട് സ്റ്റഡീസ് & റിസർച്ച് ഓഫ് ഇന്ത്യ എന്ന് സ്ഥാപനം ഏറ്റവും മികച്ച ജില്ലാ പഞ്ചായത്തിന് നൽകുന്ന ഭാരത് രത്ന രാജീവ് ഗാന്ധി ഗ്രാം സ്വരാജ് നാഷണൽ അവാർഡിന് തെരഞ്ഞെടുക്കുന്നതിനാൽ 2013 ആഗസ്റ്റ് 20-ാം തീയതി ന്യൂഡൽഹിയിൽ വച്ച് നടന്ന അവാർഡ് ദാന ചടങ്ങിൽ പങ്കെടുക്കുന്നതിന് ജനപ്രതിനിധികളും സെക്രട്ടറിയും ജീവനക്കാരും ഉൾപ്പെടെ പരമാവധി 5 പേർക്ക് യാത്രയ്ക്കുള്ള അനുമതി നൽകണമെന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. രാജീവ് ഗാന്ധി ഭാരത് രത്ന ഗ്രാമസ്വരാജ് അവാർഡ് സ്വീകരിക്കുന്നതിന് പാലക്കാട് ജില്ലാപഞ്ചായത്തിൽ നിന്നും, പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ മാത്രം ഡൽഹി യാത്ര നടത്തിയെന്നും ടി യാത്രയുടെ ചിലവ് ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുമായിരുന്നു അനുവദിച്ചത് എന്നും പ്രസ്തുത സ്ഥാപനം യാത്രാ ചിലവ് വഹിച്ചിരുന്നില്ലെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ അവാർഡ് ദാന ചടങ്ങിൽ പങ്കെടുക്കുന്നതിനായി ഡൽഹി യാത്ര നടത്തിയതിന്റെ ചിലവ് ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ, പാലക്കാട് ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ

അവാർഡ് ദാന ചടങ്ങിൽ പങ്കെടുക്കുന്നതിന് ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവഴിച്ച നടത്തിയ ഡൽഹി യാത്രയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, പാലക്കാട്
ജില്ലാ പഞ്ചായത്ത് സെക്രട്ടറി, പാലക്കാട്
അക്കൗണ്ട് ജനറൽ (A&E/Audit) തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ